**പതിനാലാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2460** 12-03-2020-ലെ മറുപടി

**ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകൾ**

ചോദ്യം

ശ്രീ.മുരളി പെരുനെല്ലി

മറുപടി

കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകൾ കാലപ്പഴക്കം മൂലം ചോർച്ചയുണ്ടായിട്ടുള്ളതിനാൽ അവ കേടുപാട് തീർത്ത് പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) & (ബി) | തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകളുടെ കേടുപാടുകൾ തീർത്ത് പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിനായി മെക്കാനിക്കൽ പ്രവൃത്തികൾക്കായി യഥാക്രമം 430 ലക്ഷം, 216 ലക്ഷം രൂപയും സിവിൽ പ്രവൃത്തികൾക്കായി യഥാക്രമം 302 ലക്ഷം, 230 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. |
| (ബി) | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത റഗുലേറ്ററുകൾ നവീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**